(ബി) ഉണ്ടെങ്കിൽ എത്ര സംഖ്യയാണു് മതിപ്പു ചെലവു് കണക്കാക്കിയിട്ടുള്ളതു്;

(സി) എന്നു പണി തുടങ്ങുവാൻ കഴിയുമെന്നു് വെളിപ്പെടുത്താമോ?

ഉത്തരം

(എ) എരണിക്കൽ ഗവൺമെൻറ് എൽ.പി. സ്കൂളിനു് ആവശ്യമുള്ളത്ര കെട്ടിട സൗകര്യം ഇല്ല എന്നു് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ കൂടുതൽ കെട്ടിട സൗകര്യം ഉണ്ടാക്കുന്നതിലേക്കായി സർക്കാർ അംഗീകരിച്ച മുൻഗണനാ പട്ടികയിൽ പ്രസ്തുത സ്കൂളും ഉൾപ്പെടുത്തിയിട്ടുണ്ടു്. എന്നാൽ ആവശ്യമുള്ളത്ര പണം ലഭ്യമല്ലാത്തതിനാൽ പുതിയ പണികളും ഉടനെ ആരംഭിക്കുവാൻ നിവൃത്തിയില്ല. ആയതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാനായി പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) കെട്ടിട നിർമ്മാണത്തിനുള്ള ഫണ്ടിൻെറ ലഭ്യതയനുസരിച്ചു് മുൻഗണനാ പ്രകാരം പണി തുടങ്ങാനുള്ള നടപടികളും സ്വീകരിക്കുന്നതാണു്.

പള്ളിപ്പുറം മാപ്പിള യു.പി. സ്കൂളിൻെറ കെട്ടിട നിർമ്മാണം

419 [766] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) താമരശ്ശേരി ഉപജില്ലയിലെ പള്ളിപ്പുറം മാപ്പിള യു.പി. സ്കൂളിൻെറ കെട്ടിട നിർമ്മാണം പൂർത്തിയായോ;

(ബി) പുതിയ കെട്ടിടത്തിലേക്കു് സ്കൂൾ മാറ്റാത്തതെന്താണു്;

(സി) താമരശ്ശേരി ഗവൺമെൻറ് ഹൈസ്കൂളിനു് ഒരു പുതിയ കെട്ടിടവുംകൂടി പണിയണമെന്നു് സ്കൂളിൻെറ പി.ടി.എ. ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിൽ എന്തു് നടപടി സ്വീകരിച്ചു;

(ഇ) പൂവാറൻതോടു് (കുന്നമംഗലം സബ്ജില്ല) ജി.എൽ.പി. സ്കൂളിനു് സ്വന്തമായി കെട്ടിടമുണ്ടോ;

(എഫ്) ഇല്ലെങ്കിൽ കെട്ടിടം നിർമ്മിക്കാൻ ദയയുണ്ടാകുമോ?

ഉത്തരം

(എ) പൂർത്തിയായി വരുന്നു.

(ബി) പൂർത്തിയായാലുടൻ പുതിയകെട്ടിടത്തിലേക്കു മാറുന്നതാണു്.

(സി) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പി.ഡി.എ. യുടെ ആവശ്യം കണക്കിലെടുത്ത് സർക്കാർ അംഗീകരിച്ച് കെട്ടിട നിർമ്മാണത്തിനുള്ള മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഇപ്പോഴുള്ള കെട്ടിടം പുനർ നിർമ്മാണത്തിനുവേണ്ടി സ്കൂൾ കെട്ടിട നിർമ്മാണത്തിനുള്ള പുതുക്കിയ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെട്ടിടം പണി ആരംഭിക്കുന്നതാണ്.

തിമിരി എ.യു.പി. സ്കൂൾ

420 [767] ശ്രീ. കെ.സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തിമിരി ദേവസ്വം എ.യു.പി. സ്കൂൾ ഗവൺമെന്റിലേക്ക് വിട്ടുതരാമെന്ന് മാനേജുമെന്റ് അറിയിച്ചിട്ടുണ്ടോ;

(ബി) എന്നാണ് ഈ അറിയിപ്പ് ഗവൺമെന്റിൽ ലഭിച്ചത്;

(സി) സ്കൂൾ ഗവൺമെന്റ് ഏറ്റെടുത്തോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേവസ്വം കമ്മീഷണറുടെ 12-4-1978-ലെ കത്ത് 21-4-1978-ലാണ് ഗവൺമെന്റിൽ ലഭിച്ചത്.

(സി) ഏറ്റെടുത്തു കഴിഞ്ഞു.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിന്റെ പെർമനന്റ് റെക്കഗ്നിഷൻ

421 [768] ശ്രീ. എം.വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര വിദ്യാഭ്യാസ ജില്ലയിലെ മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിന് പെർമനന്റ് റെക്കഗ്നിഷൻ നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) പഞ്ചായത്തു രേണസമിതികളും പിരിച്ചുവിടപ്പെട്ടതോടുകൂടി സ്കൂൾ അനുവദിക്കുമ്പോൾ നിർദ്ദേശിച്ച വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കുന്നതിനു അവയ്ക്കു കഴിയുകയില്ലെന്ന വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഈ പ്രത്യേക പരിതഃസ്ഥിതിയിൽ മണിയൂർ പഞ്ചായത്ത് ഹൈസ്കൂളിനു പെർമനന്റ് റെക്കഗ്നിഷൻ കൊടുക്കുന്നതിനു ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly